**കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും**

കണ്ണൂർ ജില്ല

**(പ്രാബല്യം: 09.08.2022 മുതൽ 13.08.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 09.08.2022 മുതൽ 13.08.2022 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 63/2022 | തീയ്യതി: 08/08/2022 |
|---|---|

### എ. പിന്നിട്ട ദിവസത്തെ നാല് കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 239.2 | 24.2 – 29.9 | 22.8 – 24.2 | 87 - 96 | 00 - 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 09-08-2022 | 10-08-2022 | 11-08-2022 | 12-08-2022 | 13-08-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 40 | 25 | 20 | 18 | 11 |
| കൂടിയ താപനില, °C | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 12 | 10 | 6 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 250 | 270 | 290 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| | **ഒറ്റപ്പെട്ട കനത്തമഴ**** | | |
| **പൊതു നിർദ്ദേശങ്ങൾ** | ഒറ്റപ്പെട്ട കനത്ത മഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.5 മില്ലി വരെ) ലഭിക്കും<br>വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്തയാഴ്ചയും മഴ ലഭിക്കാൻ സാധ്യതയുണ്ട്<br>ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും മഴ കാരണം അന്തരീക്ഷ ഊഷ്മാവ് സാധാരണയിലും താഴെ ആയിരിക്കും | | |
| **പൊതു നിർദ്ദേശങ്ങൾ** | ഉയർന്ന അന്തരീക്ഷ ആർദ്രത പൂപ്പൽ രോഗം പടരാൻ കാരണമാകും. ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ, തെങ്ങ് , കമുകു, കുരുമുളക് , റബ്ബർ , ഇഞ്ചി , വാഴ എന്നീ വിളകൾക്ക് പടരുന്നതിനുള്ള സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക. | | |

| | | | |
|---|---|---|---|
| | വിളകൾക്ക് വളപ്രയോഗം ചെയ്യാൻ അനുയോജ്യമായ കാലാവസ്ഥയാണ്. വിളകളുടെ വളർച്ചാഘട്ടം അനുസരിച്ച് വളം നൽകുക. വൃക്ഷ വിളകൾക്ക് ഇതുവരെ ഒന്നാം ഗഡു വളപ്രയോഗം നടത്തിയിട്ടില്ലായെങ്കിൽ ഉടനെ പൂർത്തീകരിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | എല്ലാ ജല നിർഗമന ചാലുകളും തുറക്കുക. ശക്തമായ മഴ മാറിയ ഉടനെ തന്നെ ബ്ലീച്ചിങ് പൌഡർ നിറച്ച സൂക്ഷ്മ സുഷിരങ്ങളുള്ള ബാഗുകൾ പാടത്തേക്കു വെള്ളം പ്രവേശിക്കുന്ന ഭാഗത്തു നിക്ഷേപിക്കുക | |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു  | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലുബൻ ഡൈ അമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| നെല്ല് | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | മുൻ കരുതലായ് പ്സ്യൂഡോമോണാസ് ഫ്ലൂറസെൻസ് ( 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക<br>രോഗം കാണുകയാണെങ്കിൽ മാത്രം നാറ്റീവോ® കുമിൾ നാശിനി 4 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക തളിക്കുക |
| തെങ്ങ് | വിവിധ ഘട്ടം | പുതുതായി തൈ നട്ട തടങ്ങളിൽ വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കുക. തൈകുഴികളുടെ അകത്തേക്ക് വെള്ളം ഒലിച്ചിറങ്ങാത്തവണ്ണം വക്കിൽ വരമ്പുകൾ തീർക്കുക. ശക്തമായ മഴ മാറിയ ഉടനെ തന്നെ തെങ്ങിൻ തടത്തിലെ മണ്ണ് ഇളക്കി കൊടുക്കുക കൂടാതെ മണ്ണ് ഇളക്കുന്ന സമയത്തു കുമ്മായം വിതറുന്നത് അണു നശീകരണത്തിനു സഹായകമാകും | |
| തെങ്ങുൾപ്പടെ യുള്ള വൃക്ഷ വിളകൾ | വിവിധ ഘട്ടം | ഗാനോഡർമാ വാട്ടം  | വിളകളുടെ തടിയിൽ കാണുന്ന കൂണ് പോലുള്ള പൂപ്പലിന്റെ ഭാഗങ്ങൾ നീക്കം ചെയ്തു ഹെക്സകൊണസോൾ (3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ലായനി പുരട്ടുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി തടത്തിലും നന്നായി കുതിർക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം (നേന്ത്രൻ വാഴ) | കട ചീയൽ  | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ - ചാണകം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| വിളകളും വളർത്തു മൃഗങ്ങളും | വിവിധ ഘട്ടം | ആഫ്രിക്കൻ ഒച്ച്  | ഒച്ചുകളെ ആകർഷിച്ചു പിടിക്കുവാനായി വൈകുന്നേരങ്ങളിൽ നനഞ്ഞ ചണ ചാക്കുകളിൽ കാബേജ്, കോളിഫ്ലവർ, പപ്പായ എന്നിവയുടെ ഇലകൾ നിറച്ചു വീടിനു ചുറ്റും വെക്കുക. ഇവയിൽ വന്നിരിക്കുന്ന ഒച്ചുകളെ 200 ഗ്രാം ഉപ്പു ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനിയിൽ ഇട്ടു നശിപ്പിക്കുക.<br><br>വിളകളിൽ ഇരിക്കുന്ന ഒച്ചുകളെ നശിപ്പിക്കാനായി 0.3 ശതമാനം വീര്യമുള്ള തുരിശ് (3 ഗ്രാം കോപ്പർ സൾഫേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ) ലായനി തളിക്കുക. തുരിശ് ലായനിയുടെ വീര്യം യാതൊരു കാരണവശാലും അധികരിക്കരുത്. അധികാരിച്ചാൽ വിളകൾക്ക് പൊള്ളലും ക്ഷീണവും ഉണ്ടാകും. |
| കന്നുകാലികൾ | വിവിധ ഘട്ടം | കന്നുകാലി കൂട് ഈർപ്പമില്ലാതെയും വൃത്തിയായും സൂക്ഷിക്കുക. കന്നുകാലി കൂടിൻറെ തറ തേങ്ങാ തൊണ്ടു ഉപയോഗിച്ച് ഇടവിട്ടു പുകയ്ക്കുകയാണെകിൽ തറ ഈർപ്പരഹിതമായിരിക്കാൻ സഹായിക്കും . കൂടു പുകയ്ക്കുന്നതിന്റെ മുൻപ് പശുക്കളെ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റുമ്പോൾ വേണ്ട ശ്രദ്ധ പുലർത്തണം . | |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻ നടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾ ആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി